റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ് എന്നീ കലക്ടറേറ്റുകളും ഒഴികെയുള്ള 11 കലക്ടറേറ്റുകളിലും അഹമ്മദ് നഗർ പരിഷ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല. പൊതുജനങ്ങൾക്ക് സൗകര്യങ്ങൾ വർദ്ധിച്ചിട്ടുള്ളതായി ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

വനം കയ്യേറ്റം

* 79 [81] ശ്രീ. വി. വി. ജോസഫ്:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ഭാഗങ്ങളിലും ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടി സ്വകാര്യവ്യക്തികൾ വനഭൂമി കൈവശപ്പെടുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ, ബി) ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ശ്രമങ്ങൾ തടയുന്നതിനു ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വില്ലേജ് ഓഫീസുകൾ

* 80 [82] ശ്രീ. പി. സി. ജോർജ്:

ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം എത്ര വില്ലേജുകൾക്ക് ഓഫീസ് നിർമ്മിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) ഓരോ ജില്ലയിലും എത്രവീതം;

(സി) അതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലിരിക്കുന്നു?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) കഴിഞ്ഞ സാമ്പത്തികവർഷം വിവിധ സ്കീമുകളിലായി 601 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം സർക്കാർ ആരംഭിച്ചു. ഇതിൽ ബഹുഭൂരിപക്ഷത്തിന്റെയും പണി പൂർത്തിയാക്കുകയുണ്ടായി. ബാക്കി ഈ വർഷം പൂർത്തിയാക്കുന്നതാണ്. ഭൂമി ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ എല്ലാം വില്ലേജാഫീസ് കെട്ടിടങ്ങൾകൂടി ഈ വർഷം നിർമ്മിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

തിരുവനന്തപുരം	..	9
കൊല്ലം	..	43
പത്തനംതിട്ട	..	26
ആലപ്പുഴ	..	50
കോട്ടയം	..	27
എറണാകുളം	..	44
ഇടുക്കി	..	22
തൃശ്ശൂർ	..	77
പാലക്കാട്	..	85
മലപ്പുറം	..	94
കോഴിക്കോട്	..	45
വയനാട്	..	26
കണ്ണൂർ	..	30
കാസർഗോഡ്	..	23
		601

(സി) ഇനിയും പണി തീരേണ്ട വില്ലേജ് ആഫീസ് കെട്ടിടങ്ങളുടെ പണികൾ ധൃതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കെൽട്രോണിൽ കംപ്യൂട്ടർ

* 81 [83] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ ഒരു കംപ്യൂട്ടർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ആയതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ കംപ്യൂട്ടർ സ്ഥാപിക്കുന്നതുകൊണ്ട് കേരളത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(ഡി) കംപ്യൂട്ടർ സ്ഥാപിക്കുന്നതുകൊണ്ട് തൊഴിലില്ലായ്മ വർദ്ധിക്കുമെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തുള്ള തൊഴിൽരഹിതരുടെ കാര്യം കണക്കിലെടുത്ത് കംപ്യൂട്ടർ സ്ഥാപന നടപടിയിൽനിന്നും പിൻതിരിയാൻ ദയവുണ്ടാകുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ഇല്ല.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly